4. നാലാമതു റിപ്പോർട്ടിലെ ശുപാർശകൾ

(പേഴ്സണൽ റീഫോംസ് വിഭാഗം)

(i) ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കൽ

(ii) കഴിവ് മെച്ചപ്പെടുത്തൽ

(iii) നിയമനസ്ഥാന നിർണ്ണയം

(iv) അച്ചടക്കം

(ഇ) ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ റിപ്പോർട്ടുകൾ ഗവൺമെന്റ് പരിഗണിക്കുകയും വിശദമായ പരിശോധനയ്ക്ക് മന്ത്രിസഭ ഉപസമിതിയേയും സെക്രട്ടറിമാരുടെ സമിതിയേയും ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. മിക്ക വാറും എല്ലാ ശുപാർശകളും മന്ത്രി സഭാഉപസമിതിയുടെ ഭേദഗതിയോടെ ഗവൺമെന്റ് അഗീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചു പുറപ്പെടുവിച്ച ഉത്തരവുകൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

ഊർജ്ജിത കന്നുകാലി വികസന പദ്ധതി

27 (*27) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ മേഖലയുടെ വികസനത്തിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പശുക്കളുടെ പാൽ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് പ്രജനന നയത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഊർജ്ജിത കന്നുകാലി വികസന പദ്ധതിയനുസരിച്ച് എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ മുഴുവൻ കന്നുകാലികളെയും ക്ഷീര കർഷകരെയും ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടു വരുന്നതിനു സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പു മന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) വിശദ വിവരം അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്.†

(ബി) വിശദ വിവരം അനുബന്ധം - 2 ആയി ചേർത്തിട്ടുണ്ട്.†

† അനുബന്ധം V (1,2)

LIBRARY ARCHIVES Kerala Legislative Assembly

(സി) കന്നുകാലികൾക്ക് കൃത്രിമ ബീജധാനത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന പരിപാടിയുടെ ഭാഗമായി 1997-98 വർഷത്തിൽ ഒരു ഐ.സി.ഡി.പി. സെന്ററും അതിനു കീഴിൽ 4 റീജിയണൽ എ. ഐ.സെന്ററുകളും പുതുതായി ആരംഭിച്ചു. കൂടാതെ ഉത്തരകേരളത്തിന് പ്രത്യേക പ്രാധാന്യം നൽകി 360 പുതിയ ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ ആരംഭിച്ചു. 1998-99 വർഷത്തിൽ 200 ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ ആരംഭിച്ചു. ഇതിനുപുറമേ കർഷകരുടെ വീട്ടു പടിയ്ക്കൽ കന്നുകാലികൾക്ക് കൃത്രിമ ബീജധാനം ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ പത്തു ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങളിൽ മൊബൈൽ ബീജധാന യൂണിറ്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ത്രിതല പഞ്ചായത്തുകൾ മുഖേന കേരളത്തിലെ മുഴുവൻ സങ്കര വർഗ്ഗ കറവപ്പശുക്കളെയും അവയുടെ ഉടമകളെയും ഇൻഷ്വറൻസ് പരിരക്ഷയിൽ കൊണ്ടുവരിക എന്നതാണ് സർക്കാർ ഇപ്പോൾ ലക്ഷ്യമിട്ടിട്ടുള്ളത്.

വാഹനാപകടം കുറയ്ക്കാൻ നടപടി

28 (*28) ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി. വിശ്വൻ:
ശ്രീ. പി. രാഘവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹന അപകടം വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാഹന അപകടങ്ങൾ വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയെന്ന് ബോദ്ധ്യമായിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ ;

(സി) എങ്കിൽ വർദ്ധിച്ചു വരുന്ന വാഹന അപകടങ്ങളും മരണങ്ങളും കുറച്ചുകൊണ്ടു വരുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളിൽ വാഹനങ്ങളുടെ വേഗത അളക്കാനുള്ള റഡാറുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ; എങ്കിൽ എവിടെയൊക്കെയാണ് റഡാറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തെ ഓരോ ജില്ലയിലും വ്യത്യസ്ത കാരണങ്ങളാലാണ് അപകടം സംഭവിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഓരോ ജില്ലയിലും അനുയോജ്യമായ രീതിയിൽ സുരക്ഷാ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്ത് അമിതവേഗതയിൽ വാഹനം ഓടിക്കുന്നവർക്കെതിരെ എന്തൊക്കെ കർശന നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ പാസ്സാക്കുകയുണ്ടായി. 13-8-1998-ൽ മന്ത്രിതലത്തിലും 5-4-2000-ൽ മുഖ്യമന്ത്രി തലത്തിലും 19-5-2000-ൽ കേന്ദ്ര സർക്കാർ തലത്തിലും ഈ വിഷയം ചർച്ച ചെയ്യപ്പെട്ടു. 13-8-1998-ൽ ചേർന്ന മന്ത്രിതല ചർച്ചയിൽ എടുത്ത തീരുമാനപ്രകാരം രണ്ട് സംസ്ഥാനങ്ങളും ഓരോ വിദ്ഗധ കമ്മിറ്റികൾ രൂപീകരിച്ചു. ഈ കമ്മിറ്റിയുടെ പഠനറിപ്പോർട്ട് 28-1-2000-ൽ തിരുവനന്തപുരത്ത് വച്ച് പരസ്പരം കൈമാറി. ഇതിനിടെ കേരളത്തിലും തമിഴ്നാട്ടിലും നിലവിലുണ്ടായിരുന്ന മുല്ലപ്പെരിയാർ സംബന്ധിച്ച കേസുകൾ സുപ്രീം കോടതിയിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ട് തമിഴ്നാടും, മുൻ എം.പി. ഡോ. സുബ്രഹ്മണ്യ സ്വാമിയും നല്കിയ ട്രാൻസ്ഫർ പെറ്റീഷനുകളിൽ രണ്ട് സംസ്ഥാനങ്ങളും പരസ്പരം ചർച്ച ചെയ്ത് ധാരണയിലെത്തണം എന്ന് കോടതി നിർദ്ദേശിച്ചു. ഇതേത്തുടർന്നാണ് മുഖ്യമന്ത്രിതലത്തിൽ 5-4-2000-ൽ തിരുവനന്തപുരത്തു വച്ച് ചർച്ച നടന്നത്. ഈ ചർച്ചയിൽ ഒരു ധാരണയിലെത്താനാകാത്തതിനാൽ 19-5-2000-ൽ കേന്ദ്ര ജലവിഭവ മന്ത്രി ഇരു മുഖ്യമന്ത്രിമാരേയും ചർച്ചയ്ക്ക് വിളിച്ചു. ഇതേത്തുടർന്ന് ഇരു സംസ്ഥാനങ്ങളിലേയും സെൻട്രൽ വാട്ടർ കമ്മീഷനിലെയും പ്രഗത്ഭ എൻജിനീയർമാർ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഇതിന്റെ വിശദാംശങ്ങൾ പരിഗണിച്ചു വരുന്നതേയുള്ളൂ. മുല്ലപ്പെരിയാർ പാട്ടക്കരാറിന്റെ നിയമസാധ്യത പരിശോധിക്കണമെന്ന് പരക്കെ ഉണ്ടായ അഭിപ്രായം കണക്കിലെടുത്ത് ആ വഴിക്കും സർക്കാർ ചില നീക്കങ്ങൾ നടത്തി വരികയാണ്. സംസ്ഥാന അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ നിയമവിശകലനം നടന്നു വരുന്നു.

അനുബന്ധം V (1)

[ചോദ്യം നമ്പർ 27(*27) കാണുക]

മൃഗസംരക്ഷണ മേഖലയുടെ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

(1) കന്നുകാലികളുടെ വർഗ്ഗഗുണം മെച്ചപ്പെടുത്തുന്നതിനായി സങ്കര പ്രജനന പരിപാടി നടപ്പിലാക്കി. ഇതിന്റെ ഭാഗമായി 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ കൃത്രിമ ബീജദാന കേന്ദ്രങ്ങൾ സ്ഥാപിച്ചു വരുന്നു.

(2) പ്രജനന സൗകര്യങ്ങൾ ക്ഷീരകർഷകരുടെ വീട്ടുപടിക്കൽ ലഭ്യമാക്കുന്നതിനായി മൊബൈൽ ബീജദാന യൂണിറ്റുകൾ ആരംഭിച്ചു.

(3) സങ്കര പ്രജനന നയത്തിന്റെ ഭാഗമായി അത്യുല്പാദന ശേഷിയുള്ള വിത്തുകാളകളെ ഡെൻമാർക്കിൽ നിന്നും ഇറക്കുമതി ചെയ്തു.

(4) കാലിത്തീറ്റയുടെ ലഭ്യതയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ 'കേരള ഫീഡ്സ്' എന്ന ഒരു കാലീത്തീറ്റ ഫാക്ടറി പ്രവർത്തനം ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(5) പച്ചപ്പുൽക്കൃഷി വ്യാപകമാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന 15 ടണ്ണോളം പുൽവിത്തുകൾ ഓരോ വർഷവും കർഷകർക്ക് വിതരണം ചെയ്യുന്നു.

(6) കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനായി സംസ്ഥാനത്തെ പഞ്ചായത്തുകളിൽ മൃഗാശുപത്രികൾ പ്രവർത്തിച്ചു വരുന്നു. മൃഗാശുപത്രികളുടെ സൗജന്യ രോഗ ചികിത്സയും പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതിനുള്ള പ്രതിരോധ നടപടികളും സ്വീകരിച്ചു വരുന്നു.

(7) കുളമ്പുരോഗം നിയന്ത്രിക്കുന്നതിനും പ്ലേഗ് രോഗം നിർമ്മാർജ്ജനം ചെയ്യുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി.

(8) കന്നുകാലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പ്രതിരോധ വാക്സിനുകൾ ഉല്പാദിപ്പിക്കുന്നതിനായി പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിനോടനുബന്ധിച്ച് ആധുനിക ഗവേഷണ സൗകര്യങ്ങളോടു കൂടിയ ഒരു ലബോറട്ടറി പൂർത്തിയാക്കി.

(9) സാംക്രമിക രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്ന ഇടങ്ങളിൽ വിദഗ്ധ ഉപദേശം നൽകുന്നതിനും അടിയന്തിര രോഗ നിർണ്ണയം നടത്തുന്നതിനും മൃഗസംരക്ഷണ വകുപ്പിൽ ഒരു മുഖ്യ രോഗ അന്വേഷണ വിഭാഗം പ്രവർത്തിച്ചു വരുന്നു.

(10) സങ്കര വർഗ്ഗ കന്നുക്കുട്ടികൾക്ക് പ്രത്യേക സംരക്ഷണവും പരിചരണവും നൽകുന്നതിലൂടെ ഉല്പാദനശേഷി കൂടിയ ഒരു തലമുറയെ സൃഷ്ടിക്കുന്നതിനായി പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നു.

(11) കന്നുകാലി പരിപാലനത്തിന്റെ ശാസ്ത്രീയ വശങ്ങൾ കർഷകർക്ക് മനസ്സിലാക്കി കൊടുക്കുന്നതിനും കന്നുകാലി സംരക്ഷണ രംഗത്തെ സാങ്കേതിക മുന്നേറ്റം കർഷകരിലേയ്ക്ക് പകരുന്നതിനും 'വിജ്ഞാന വ്യാപനവും പരിശീലനവും' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

(12) ക്ഷീരോല്പാദനം സുരക്ഷിതത്വമുള്ള ഒരു തൊഴിലാക്കി മാറ്റുന്നതിനായി സങ്കര വർഗ്ഗ കറവ പശുക്കൾക്കും അവയുടെ ഉടമകൾക്കും ഇൻഷ്വറൻസ് സംരക്ഷണം, ആശുപത്രി ചികിത്സയ്ക്കുള്ള ധനസഹായം എന്നിവ ഉറപ്പാക്കുന്ന കാമധേനു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി.

(13) മാതൃകാ ഡയറി യൂണിറ്റ്/കാലിത്തൊഴുത്ത് നിർമ്മാണത്തിന് ധനസഹായ പദ്ധതി നടപ്പിലാക്കി.

(14) പുതുതായി രൂപീകരിക്കുന്ന ക്ഷീര സഹകരണ സംഘങ്ങൾക്ക് പ്രാരംഭകാല പ്രവർത്തങ്ങൾക്കായി ധനസഹായം നൽകി വരുന്നു.

(15) പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ പുത്തൂർ പന്നിവളർത്തൽ കേന്ദ്രത്തിലേക്ക് സ്വിസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ സഹായത്തോടെ അത്യുല്പാദന ശേഷിയുള്ള 90 പന്നിക്കുഞ്ഞുങ്ങളെ ഇംഗ്ലണ്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ഇറക്കുമതി ചെയ്തു. വർഗ്ഗോദ്ധാരണം ലക്ഷ്യമാക്കിയുള്ള ഈ പ്രോജക്ട് പന്നിവളർത്തൽ രംഗത്ത് ഗണ്യമായ ഒരു ചുവടുവയ്പാണ്.

(16) ക്ഷീരവികസന രംഗത്ത് കറവക്കാരുടെ ദൗർലഭ്യം കണക്കിലെടുത്തും, സ്വയം തൊഴിൽ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെ മൊബൈൽ കറവയന്ത്രങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി.

(17) മീറ്റ് പ്രോഡക്ടസ് ഓഫ് ഇൻഡ്യയുടെ പ്രവർത്തനം മെച്ചപ്പെടുത്തി ഇറച്ചി സംസ്ക്കരണം ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(18) ഗ്രാമപഞ്ചായത്തുകൾ മുഖേന, 126 മൃഗാശുപത്രികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ ധനസഹായം നൽകി. അതിൽ നൂറിലധികം കെട്ടിടങ്ങളുടെ പണി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കി.

(19) ഏകദേശം പ്രവർത്തനം നിലച്ചിരുന്ന കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം ഊർജ്ജിതമാക്കി. അവിടെ പ്രതിമാസം 25,000-ലധികം കോഴിക്കുഞ്ഞുങ്ങളെ ഇപ്പോൾ ഉല്പാദിപ്പിക്കുന്നുണ്ട്.

അനുബന്ധം V (2)

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 27(*27) (ബി) കാണുക

ബി. നിലവിലുണ്ടായിരുന്ന പ്രജനന നയം കാലോചിതമായി മെച്ചപ്പെടുത്തുന്നതിനായി മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, കേരളാ വെറ്ററിനറി കോളേജ് ടീം, മാനേജിംഗ് ഡയറക്ടർ കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ, മാനേജിംഗ് ഡയറക്ടർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിച്ച് അവരുടെ ശുപാർശകൾ പ്രകാരം താഴെ പറയുന്ന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

കേരളത്തിന് കൂടുതൽ അനുയോജ്യവും ഇവിടത്തെ കർഷകർക്ക് കൂടുതൽ താത്പര്യമുള്ളതുമായ ജേഴ്സി-സങ്കരയിനത്തിൽപ്പെട്ട വിത്തുകാളകളുടെ ബീജം കൂടുതലായി ഉപയോഗിച്ചു വരുന്നു. കർഷകരുടെ താത്പര്യം മാനിച്ച് അത്യുല്പാദനശേഷിയുള്ള ഹോൾസ്റ്റീൻ ഫ്രിഷ്യൻ ഇനത്തിൽപ്പെട്ട വിത്തുകാളകളുടെ ബീജവും ഉപയോഗിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ പരിസ്ഥിതി പരിമിതികൾ കണക്കിലെടുത്ത് കന്നുകാലികളിലെ വൈദേശിക പൈതൃക അനുപാതം അമ്പത് (50%) ശതമാനത്തിന് താഴെ നിയന്ത്രിച്ച് നിർത്തുന്നതാണ്. കെ.എൽ.ഡി.ബോർഡിൽ നിന്നും ഇപ്പോൾ വിതരണം ചെയ്യുന്ന ബീജം ഇത്തരത്തിൽ നിയന്ത്രണ വിധേയമാക്കിയിട്ടുള്ളതാണ്.

വിത്തുകാളകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി ഭ്രൂണമാറ്റ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സങ്കരയിനങ്ങളിൽ ഉല്പാദനശേഷി കുറഞ്ഞും ആദ്യ ഗർഭധാരണത്തിന് കാലതാമസം എടുക്കുന്നതുമായ പശുക്കളേയും കിടാരികളേയും ഉടമകളായ കർഷകർക്ക് ഉചിതമായ നഷ്ടപരിഹാരം നൽകി നശിപ്പിക്കുന്നതിനും പുതിയ പ്രജനന നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രജനനശേഷിയുള്ള 500 പശുക്കൾക്ക് ഒരു ബീജദാന സെന്റർ എന്ന തോതിൽ അടിസ്ഥാന സൗകര്യം ലഭ്യമാക്കുവാനും പുതിയ പ്രജനന നയത്തിൽ ശുപാർശയുണ്ട്.

കർഷകരുടെ സൗകര്യം മുൻനിർത്തിയും പശുക്കളിലെ വർദ്ധിത ഗർഭ ധാരണ നിരക്ക് ലഭ്യമാക്കിയും കർഷകരുടെ വീട്ടുപടിക്കൽ കൃത്രിമ ബീജദാന സൗകര്യം എത്തിക്കുന്നതിനുള്ള പദ്ധതിയും പുതിയ പ്രജനന നയത്തിന്റെ ഭാഗമാണ്.

അനുബന്ധം VI

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 5(5), 9 (9) എന്നിവ കാണുക]

1. ശ്രീ. ഇ. കെ. നായനാർ (മുഖ്യമന്ത്രി)

(എ) 5-7-1996 മുതൽ 9-7-1996 വരെയുള്ള യാത്ര

വിമാനയാത്രക്കൂലി : 1,52,130 രൂപ

ടി.എ. : 1,925 രൂപ

ഡി.എ. : 9,188 രൂപ

(ബി) 14-11-1996 മുതൽ 24-11-1996

വിമാനയാത്രക്കൂലി : 88,974 രൂപ

ടി.എ. : 1,362 രൂപ 50 പൈസ

ഡി.എ. :

1.	ഫ്രാങ്ക്ഫർട്ട്	DM	610.48
2.	ആംസ്റ്റർഡാം	USD	100.00
3.	ബേൺ	SFR	250.00
4.	ദുബായ്	DHS	546.30

LIBRARY ARCHIVES Kerala Legislative Assembly